A

304

# രണ്ടാം പാദവാർഷിക മൂല്യനിർണയം 2016 -17

## പരിസരപഠനം

സ്റ്റാൻഡേർഡ് - III

സമയം : 2 മണിക്കൂർ

| പ്രവർത്തനങ്ങൾ | ഗ്രേഡ് |
|---|---|
| പ്രവർത്തനം 1 | |
| പ്രവർത്തനം 2 | |
| പ്രവർത്തനം 3 | |
| പ്രവർത്തനം 4 | |
| പ്രവർത്തനം 5 | |
| ഓവറോൾ ഗ്രേഡ് | |

കുട്ടിയുടെ പേര്

വിദ്യാലയത്തിന്റെ പേര്

..............................................................

രക്ഷിതാവിന്റെ ഒപ്പ്

..............................................................

അധ്യാപകന്റെ ഒപ്പ്

..............................................................

പ്രവർത്തനം 1



(a) വീട് നിർമ്മിക്കുമ്പോൾ ഏതെല്ലാം തൊഴിലുകൾ ചെയ്യുന്നവരുടെ സേവനം ആവശ്യമായി വരും? ഏതെങ്കിലും 5 എണ്ണത്തിന്റെ പേരെഴുതുക.

1)..............................  4)..............................

2)..............................  5)..............................

3)..............................

(b) വ്യത്യസ്ത തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പദങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. അവയിൽ ഏതെങ്കിലും മൂന്നെണ്ണവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ചിത്രം വരയ്ക്കുക.

(a) കച്ചവടം

(b) കൃഷി

(c) ആരോഗ്യം

(d) വസ്ത്രനിർമാണം

(e) മീൻപിടുത്തം

പ്രവർത്തനം 2

മണ്ണുമായി ബന്ധപ്പെട്ട പദങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്. ചിലതിന് ഉദാഹരണങ്ങൾ നൽകിയിട്ടുണ്ട്. അറിയാവുന്ന കാര്യങ്ങൾ വൃത്തങ്ങളിൽ എഴുതുക.




പ്രവർത്തനം 3

ചുവടെ കൊടുത്തിരിക്കുന്നത് ആഹാര വസ്തുക്കളുടെ പട്ടികയാണ്.. ഇവയെ സവിശേഷതകൾ പരിഗണിച്ച് ആറായി തിരിച്ച് എഴുതുക.

(a)

ചീര, ഉഴുന്ന്, ആപ്പിൾ, ഉരുളക്കിഴങ്ങ്, അരി, ചേമ്പ്, മുരിങ്ങയില, ഓറഞ്ച്, ഗോതമ്പ്, കടല, മരച്ചീനി, കോവയ്ക്ക, തഴുതാമ, പടവലങ്ങ, ചോളം, വഴുതനങ്ങ, പയർ, മുന്തിരി

| പഴങ്ങൾ | .................... | ധാന്യങ്ങൾ | .................... | പയർവർഗ്ഗങ്ങൾ | .................... |
|---|---|---|---|---|---|
| | ചീര | | വഴുതനങ്ങ | | ഉരുളക്കിഴങ്ങ് |

(b) താഴെ നൽകിയിരിക്കുന്ന വസ്തുക്കളിൽ നിന്നും നാരങ്ങാവെള്ളം, ചായ എന്നിവ ഉണ്ടാക്കാൻ നിങ്ങൾ ഏതെല്ലാം തെരഞ്ഞെടുക്കും?

പാൽ, നാരങ്ങ, തേയില, വെള്ളം, ഉപ്പ്, പഞ്ചസാര, ഇഞ്ചി, പച്ചമുളക്, കാരറ്റ്, മഞ്ഞൾപ്പൊടി

| | |
|---|---|
| നാരങ്ങാവെള്ളം | |
| ചായ | |

പ്രവർത്തനം 4

ചുവടെ കൊടുത്തിട്ടുള്ള ചിത്രത്തിന് നിറം കൊടുക്കുക.



വിലാസിനി - ചിത്രശലഭത്തിന്റെ ചിത്രം

പൂക്കളുടെ ചിത്രം നോക്കൂ. ..... നിങ്ങൾക്ക് പരിചയമുള്ളവയാണോ ഇവ?



(a) ഇനി പട്ടിക നോക്കുക. ഇതിൽ ഏതെല്ലാം സസ്യങ്ങൾ നിങ്ങളുടെ വീട്ടിലുണ്ട്? ഇപ്പോൾ നിങ്ങളുടെ പ്രദേശത്തുണ്ട്? അങ്ങനെയുള്ളവയ്ക്ക് നേരെ (√ ) അടയാളം ഇടുക. ഈ പട്ടികയിൽ നിന്നും എത്തിച്ചേരാവുന്ന 3 നിഗമനങ്ങൾ കുറിക്കുക.

| പൂമ്പാറ്റകളുടെ പേര് | പൂമ്പാറ്റയ്ക്ക് തേൻ നൽകുന്ന സസ്യങ്ങൾ | മുട്ടയിടുന്നതും പുഴുക്കൾ ആഹാരമാക്കുന്നതുമായ സസ്യങ്ങൾ |
|---|---|---|
| നാട്ടു റോസ് | കൃഷ്ണകിരീടം, അരിപ്പൂച്ചെടി, സൂര്യകാന്തി, സീനിയ | കുറ്റിക്കറുവ |
| നാരകക്കാളി | ചെമ്പരത്തി, മന്ദാരം, രാജമല്ലി, തെച്ചി (തെറ്റി) , മുസാന്ത | പാണൽ |

(b) നാട്ടിൽ വൈവിധ്യമുള്ള ധാരാളം ചെടികൾ ഉണ്ടായിരുന്നു. ഇപ്പോൾ അത് കുറഞ്ഞു വരുന്നു. അങ്ങനെ സംഭവിക്കുന്നതു കൊണ്ട് പൂമ്പാറ്റകൾക്ക് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമോ?

2 പ്രശ്നങ്ങൾ എഴുതുക.

1)..........................................................................................................

..........................................................................................................

2)..........................................................................................................

..........................................................................................................

(c) പൂമ്പാറ്റകളുടെ ജീവിത ഘട്ടങ്ങൾ പൂർത്തിയാക്കുക.

[ ] → [ ] → [ ] → [ ]

പ്രവർത്തനം 5

മീനുവിന്റെ ഡയറി

15-11-2016

തിങ്കൾ

സമീപത്തെ ശലഭോദ്യാനത്തിലേക്കായിരുന്നു, ഇന്നത്തെ പഠനയാത്ര. എത്ര ആസ്വാദ്യകരമായ പൂന്തോട്ടം. പൂക്കളുടെ വർണ ഭംഗിയും കിളികളുടെ പാട്ടും മുല്ലപ്പൂവിന്റെ സുഗന്ധവും പൂന്തോട്ടത്തിന്റെ മനോഹാരിത കൂട്ടി. മനു പുറകിൽ നിന്നു വന്ന് എന്റെ മേൽ ചെടിയിൽ നിന്ന് വെള്ളത്തുള്ളികൾ തെറിപ്പിച്ചു.

ഡയറി വായിച്ചല്ലോ.

പൂന്തോട്ടത്തിന്റെ ഭംഗി ആസ്വദിക്കുന്നത് കണ്ണുകൊണ്ട് മാത്രമല്ല, മറ്റ് ഇന്ദ്രിയങ്ങൾ കൂടി ഉപയോഗിച്ചാണ്. ഏതൊക്കെ കാര്യങ്ങൾ തിരിച്ചറിയാനാണ് അവ മീനുവിനെ സഹായിച്ചത്? പട്ടിക പൂർത്തിയാക്കൂ.

| ക്രമ നമ്പർ | പഞ്ചേന്ദ്രിയങ്ങൾ | പൂന്തോട്ടത്തിൽ നിന്നും ലഭിക്കാവുന്ന അനുഭവങ്ങൾ |
|---|---|---|
| 1 | കണ്ണ് | 1)<br>2) |
| 2 | മൂക്ക് | 1)<br>2) |
| 3 | ചെവി | 1)<br>2) |
| 4 | നാവ് | 1)<br>2) |
| 5 | ത്വക്ക് | 1)<br>2) |